ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ശിക്ഷ വിധിക്കുന്നതിനേക്കാൾ നീതി ഉറപ്പാക്കുന്നതിൽ കോടതികൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu has called upon the judiciary to focus on giving justice rather than punishment.**

2.) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate Ashtalakshmi Mahotsav at Bharat Mandapam in New Delhi today.**

3.) ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. ബി.ആർ.അംബേദ്കറുടെ 69-ാം ചരമവാർഷിക ദിനമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസ് ആചരിക്കുന്നു.

**Mahaparinirvan Diwas is being observed today, marking the 69th death anniversary of Bharat Ratna Dr. BR Ambedkar, the chief architect of the Indian Constitution.**

4.) റിസർവ് ബാങ്കിന്റെ ദ്വൈമാസ ധനനയം ഇന്ന് പ്രഖ്യാപിക്കും.

**The Reserve Bank of India will announce its bi-monthly monetary policy decisions today.**

5.) കോഴിക്കോട് എലത്തൂരിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ലിമിറ്റഡിന്റെ ഡിപ്പോയിലുണ്ടായ ഇന്ധന ചോർച്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര പെട്രോളിയം മന്ത്രാലയവുമായി ചർച്ച നടത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

**Minister A K Saseendran says he will hold discussions with the Union Petroleum Ministry regarding the fuel leak at the Hindustan Petroleum Limited depot in Elathur, Kozhikode.**

6.) ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ, ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള രണ്ടാം മത്സരം ഇന്ന്. ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിന് ഇന്ന് ബഹ്റിനിൽ തുടക്കം.

**In Men's Cricket, the second Test match of the Border-Gavaskar Trophy between India and Australia will begin this morning.World Weightlifting Championships 2024 is set to begin in Bahrain today.**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PRESIDENT- NEW COURT (INTRO)

ശിക്ഷയെക്കാൾ നീതി ഉറപ്പാക്കുന്നതിൽ കോടതികൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒഡീഷയിലെ ഭുവനേശ്വറിൽ പുതിയ കോടതി സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ്-വോയിസ്)

സ്വതന്ത്ര ഇന്ത്യയിൽ ഭയത്തിന് സ്ഥാനമില്ലെന്നും കോടതികളും പോലീസ് സ്റ്റേഷനുകളും സർക്കാർ ഓഫീസുകളും സാധാരണ ജനങ്ങൾക്ക് സൗഹൃദ അന്തരീക്ഷം ഉറപ്പാക്കണമെന്നും രാഷ്ട്രപതി മുർമു പറഞ്ഞു. ഒഡീഷയിൽ അഞ്ച് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ഇന്ന് മയൂർഭഞ്ച് ജില്ലയിലെ തൻ്റെ ജന്മഗ്രാമമായ ഉപർബെഡ സന്ദർശിച്ച് വിവിധ പരിപാടികളിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PM-ASHTALAKSHMI

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഉദ്ഘാടനം ചെയ്യും. എട്ട് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ സംസ്കാരം, വസ്ത്ര വ്യവസായം, കരകൗശല വസ്തുക്കൾ, വിനോദസഞ്ചാര സാധ്യതകൾ, അതുല്യമായ ഉൽപ്പന്നങ്ങൾ എന്നിവ മൂന്ന് ദിവസത്തെ മേളയിൽ പ്രദർശിപ്പിക്കും. എട്ട് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ള പരിപാടിയായതിനാലാണ് ഇത് അഷ്ടലക്ഷ്മി

മഹോത്സവം എന്നറിയപ്പെടുന്നത്. വടക്കു-കിഴക്കൻ മേഖലയിലെ കരകൗശല തൊഴിലാളികൾക്കും നെയ്ത്തുകാർക്കും സംരംഭകർക്കും പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയാണ് പ്രധാന ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PARLIAMENT

വ്യോമയാന മേഖലയുടെ നവീകരണം ലക്ഷ്യമിടുന്ന ഭാരതീയ വായുയാൻ വിധേയക് ബിൽ പാർലമെൻറ് പാസ്സാക്കി. പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ ലോക്സഭ പാസ്സാക്കിയ ബില്ലിന്, രാജ്യസഭ ഇന്നലെ അംഗീകാരം നൽകുകയായിരുന്നു. വിമാനത്തിന്റെ രൂപകൽപ്പന, നിർമ്മാണം, വിൽപ്പന തുടങ്ങിയവ ക്രമപ്പെടുത്തുന്നതിനും വ്യോമയാന മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിനും നിയമങ്ങൾ ഉണ്ടാക്കാൻ ഈ ബില്ലിലൂടെ സാധിക്കും. വ്യോമയാന മേഖലയെ പുതിയ തലത്തിലേക്ക് ഉയർത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടിയായി കേന്ദ്ര വ്യോമയാന മന്ത്രി കെ രാംമോഹൻ നായിഡു പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## MAHAPARINIRVAN DIWAS

ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. ബി.ആർ.അംബേദ്കറുടെ 69-ാം ചരമവാർഷിക ദിനമായ ഇന്ന് രാജ്യം മഹാപരിനിർവാൺ ദിവസായി ആചരിക്കുന്നു. രാഷ്ട്രനിർമ്മാണത്തിൽ ഡോ.അംബേദ്കറുടെ സംഭാവനകൾ ഉയർത്തിക്കാട്ടുന്നതിനായി രാജ്യത്തുടനീളം ഇന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കും. ന്യൂഡൽഹിയിലെ പാർലമെന്റ് മന്ദിര സമുച്ചയത്തിലെ പ്രേരണ സ്ഥലിലുള്ള അദ്ദേഹത്തിന്റെ പ്രതിമയിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മറ്റ് പാർലമെന്റ് അംഗങ്ങൾ എന്നിവർ പുഷ്പാർച്ചന നടത്തും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## MUMBAI-MAHAPARINIRVAN DIWAS

മഹാപരിനിർവാൻ ദിവസമായ ഇന്ന് ഡോ. ബി ആർ അംബേദ്കറുടെ അന്ത്യവിശ്രമ സ്ഥലമായ മുംബൈയിലെ ചൈത്യഭൂമിയിൽ വിവിധ പരിപാടികൾ നടക്കും. ബി ആർ അംബേദ്കറുടെ ചരമവാർഷിക ദിനത്തിൽ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കാൻ രാജ്യമെമ്പാടുമുള്ള ലക്ഷക്കണക്കിന് ആളുകൾ മുംബൈയിൽ ഒത്തുചേരും. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. അംബേദ്കറുടെ ജീവിതം, നേട്ടങ്ങൾ, സംഭാവനകൾ എന്നിവ ഉൾപ്പെയുത്തിയിട്ടുള്ള ബുക്ക്ലെറ്റ് "ഭീമ തുമാ വന്ദന" യുടെ ഒരു ലക്ഷം സൗജന്യ കോപ്പികൾ പരിപാടിയിൽ വിതരണം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ISRO-PSLV C59 (INTRO)

PROBA - 3 ദൗത്യം വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം നടത്തിയത്. യുറോപ്യൻ സ്പേസ് ഏജൻസി പേടകമായ PROBA-3 യിൽ ചില സാങ്കേതിക തകരാറുകൾ കണ്ടെത്തിയതിനെ തുടർന്ന് ബുധനാഴ്ച നടക്കേണ്ടിയിരുന്ന വിക്ഷേപണം ഇന്നലത്തേക്ക് മാറ്റുകയായിരുന്നു. ദൗത്യം വിജയകരമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ എസ്.സോമനാഥ് പറഞ്ഞു.

(ഹോൾഡ് ഫോർ വോയ്സ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## RBI-MONTHLY MONETARY POLICY

റിസർവ് ബാങ്കിന്റെ ദ്വൈമാസ ധനനയവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഇന്ന് പ്രഖ്യാപിക്കും. ആർ.ബി.ഐ ഗവർണർ

ശക്തികാന്ത ദാസ് അധ്യക്ഷനായ ധന-നയ സമിതി ബുധനാഴ്ചയാണ് ഇത് സംബന്ധിച്ച് ചർച്ച ആരംഭിച്ചത്. കഴിഞ്ഞ ഫെബ്രുവരി മുതൽ റിസർവ് ബാങ്ക് ഹ്രസ്വകാല വായ്പാ നിരക്ക് മാറ്റമില്ലാതെ 6.5 ശതമാനമായി നിലനിർത്തിയിരുന്നു. ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള പണപ്പെരുപ്പം ഒക്ടോബറിൽ 6.21 ശതമാനത്തിലെത്തി. 14 മാസത്തെ ഉയർന്ന നിരക്കാണിത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## BHUTAN KING – INDIA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും രാജ്ഞി ജെറ്റ്സൺ പേമ വാങ്ചുക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഭൂട്ടാൻറെ പുരോഗതിക്കും പ്രാദേശിക വികസനത്തിനും വേണ്ടിയുള്ള വാങ്ചുക്കിൻറെ കാഴ്ചപ്പാടിനെ മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശാശ്വതമായി മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാണെന്ന് സമൂഹമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

## MAHARASHTRA

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. മൂന്നാം തവണയാണ് ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രിയാവുന്നത്. ശിവസേന നേതാവ് ഏകനാഥ് ഷിൻഡെ, എൻസിപിയുടെ അജിത് പവാർ എന്നിവർ ഉപമുഖ്യമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയും

കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## KANNUR (INTRO)

കണ്ണൂർ ജില്ലയിലെ 3,437 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മോചിപ്പിച്ചതായി തദ്ദേശ സ്വയം ഭരണ വകുപ്പ്. ആകെയുളള അതിദാരിദ്ര്യ കുടുംബങ്ങളിൽ 87 ശതമാനമാണിത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ.**

(വോയിസ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## AK SASEENDRAN

കോഴിക്കോട് എലത്തൂരിൽ ഹിന്ദുസ്ഥാൻ പെട്രോളിയം ലിമിറ്റഡിന്റെ ഡിപ്പോയിലുണ്ടായ ഇന്ധന ചോർച്ചയുമായി ബന്ധപ്പെട്ട് എച്ച്പിസിഎൽ ആസ്ഥാനവുമായും കേന്ദ്ര പെട്രോളിയം മന്ത്രാലയവുമായും ചർച്ച നടത്തുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. നിലവിൽ ഏറ്റവുമധികം പ്രാധാന്യം നൽകുന്നത് ജനങ്ങളുടെ സുരക്ഷയ്ക്കാണെന്നും സ്ഥലം സന്ദർശിച്ച ശേഷം അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## SABARIMALA – HC

ശബരിമലയിൽ ആരും അനുവദനീയമായ ദിവസത്തിൽ കൂടുതൽ താമസിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും, ഭഗവാനു മുന്നിൽ എല്ലാവരും തുല്യരാണെന്നും ഹൈക്കോടതി വ്യക്തമാക്കി. ഡോണർ മുറികൾ ബുക്കുചെയ്യാൻ സൗകര്യമുള്ള വിവരം വെർച്വൽ ക്യൂ പ്ലാറ്റ് ഫോമിലും ദേവസ്വം വെബ് സൈറ്റിലും പ്രസിദ്ധീകരിക്കണമെന്നും കോടതി നിർദേശിച്ചു

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## CRICKET-BGT TEST

ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ, ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള രണ്ടാം മത്സരം ഇന്ന് അഡ്ലെയ്ഡിൽ ആരംഭിക്കും. ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. ആദ്യ ടെസ്റ്റിലെ ഉജ്ജ്വല വിജയത്തോടെ, ഓസ്ട്രേലിയയെ പിന്തള്ളി ഐ.സി.സി ലോക ടെസ്റ്റ് ക്രിക്കറ്റ് റാങ്കിങ്ങിൽ ഇന്ത്യ ഒന്നാമതെത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WEIGHTLIFTING

ലോക ഭാരോദ്വഹന ചാമ്പ്യൻഷിപ്പിന് ഇന്ന് ബഹ്റിൻ തലസ്ഥാനമായ മനാമയിൽ തുടക്കമാകും. ഇന്ത്യയെ പ്രതിനിധീകരിച്ച് 3 വനിതാ താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. 49 കിലോഗ്രാം വിഭാഗത്തിൽ ഗ്യാനേശ്വരി യാദവ്, 55 കിലോഗ്രാമിൽ ബിന്ധ്യാറാണി ദേവി, 64 കിലോഗ്രാമിൽ ദിതിമോണി സോനോവാൾ എന്നിവർ മത്സരിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## WRESTLING

ദേശീയ സീനിയർ ഗുസ്തി ചാമ്പ്യൻഷിപ്പ് ബംഗളൂരുവിലെ കോറമംഗല ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് ആരംഭിക്കും. രാജ്യത്തെ മുൻ നിര താരങ്ങൾ ഉൾപ്പെടെ 700-ലധികം കായിക താരങ്ങൾ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## CENTRE ADB

മേഘാലയയിൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ജലസംഭരണി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിക്ക് കേന്ദ്രവും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, എഡിബിയും തമ്മിൽ അഞ്ച് കോടി ഡോളറിന്റെ വായ്പാ കരാറിൽ ഒപ്പുവച്ചു. പദ്ധതിയുടെ ഭാഗമായി 12 ജില്ലകളിലായി 532 ചെറുകിട ജലസംഭരണ സൗകര്യങ്ങൾ നിർമ്മിക്കും. കനത്ത മഴയിൽ ലഭിക്കുന്ന വെള്ളം മികച്ച രീതിയിൽ സംഭരിച്ച് വരൾച്ചയിൽ ജലസുരക്ഷ ഉറപ്പാക്കുകയാണ് പ്രധാന ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$$$$$$